ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

61 [2442] *ശ്രീ. ജോണി നെല്ലൂർ:*

„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിലെ ആളുകൾക്ക് ഭൂമിയും ഭവനവും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായിയെന്ന് വ്യക്തമാക്കുമോ;

(ഡി) സമൂഹത്തിലെ തീർത്തും ദുർബലവിഭാഗമായ ഇത്തരം ആളുകളെ പുനരധിവസിപ്പിക്കാൻ സമയബന്ധിതമായ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ സാമ്പത്തികവർഷം ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിപ്രകാരം 5000 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 10 കോടി രൂപയും ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുവാൻ 3000 പേർക്ക് 15.75 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഭൂമിയും വീടും നൽകേണ്ട ഗുണഭോക്താക്കളുടെ സെലക്ഷൻ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഭൂരഹിതരായ ആദിവാസികൾക്ക് ഭവനം ഉൾപ്പെടെയുള്ള ഭൗതികസാഹചര്യങ്ങൾ പുനരധിവാസപ്രവർത്തനത്തിന്റെ ഭാഗമായിത്തന്നെ നടന്നുവരുന്നുണ്ട്.

(ഡി) & (ഇ) ഉദ്ദേശിക്കുന്നുണ്ട്. പട്ടികജാതി വികസനവകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ മൂന്നിൽ രണ്ടു ഭാഗം ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾ ഇതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. താഴെ പറയുന്ന വിധത്തിലാണ് ഭൂമി വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാംഘട്ടം: സാങ്കേതികവും നിയമപരവുമായി തടസ്സങ്ങളില്ലാത്ത വിതരണ യോഗ്യമായ റവന്യു ഭൂമിയുടെ വിതരണം.

രണ്ടാംഘട്ടം: വിവിധ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.

മൂന്നാംഘട്ടം: കേന്ദ്രസർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.

നാലാംഘട്ടം: മറ്റൊരു ഭൂമിയും ലഭ്യമല്ലാതെവരുന്ന സാഹചര്യത്തിൽ ഭൂമി അക്വയർ ചെയ്ത് വിതരണം.

ടി. എസ്. പി. ഫണ്ടിന്റെ 50 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് ആദിവാസി വികസന പരിപാടികൾക്കായി കൈമാറിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ഭവനനിർമ്മാണ പദ്ധതിക്ക് പ്രാമുഖ്യം നൽകിവരുന്നു.

വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലിതട്ടിപ്പ് നടത്തിയ കേസുകൾ

62 [2443] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതിസർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലിതട്ടിപ്പ് നടത്തിയ എത്ര കേസുകൾ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെ പിടികൂടിയിട്ടുണ്ടെന്നും ഇവരിൽ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുണ്ടെന്നും അറിയിക്കാമോ;

(ബി) ജാതി തട്ടിപ്പ് നടത്തി പിടികൂടിയവരിൽ എത്രപേർ സ്ത്രീ ജീവനക്കാരാണെന്ന് അറിയിക്കുമോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എസ്. സി./എസ്. ടി. വിഭാഗങ്ങൾക്ക് ഉദ്യോഗനിയമനത്തിനും പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനും ഉള്ള സംവരണം അനർഹമായി വ്യാജ ജാതിസർട്ടിഫിക്കറ്റിലൂടെ നേടിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; എത്ര പേർക്കെതിരെ ഇക്കാര്യത്തിൽ നടപടി ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജാതിതട്ടിപ്പിന് കൂട്ടുനിന്നിട്ടുള്ള ബന്ധപ്പെട്ട റവന്യു ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly